# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6433** **03.04.2018 ലെ മറുപടി**

## പെരിഞ്ചേരിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ പെരിഞ്ചേരിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | കോഴിക്കോട് ജില്ലയിൽ കുറ്റ്യാടിപ്പുഴയ്ക്ക് കുറുകെ പെരിഞ്ചേരിക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയുടെ ധനസഹായത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിന് തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ കമ്മിറ്റി ആവശ്യപ്പെട്ട വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി റിവൈസ് ചെയ്ത് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്ര കോടി രൂപയാണ്; ഏത് ഏജൻസിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്; പദ്ധതിയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | പദ്ധതിയ്ക്ക് സ.ഉ (സാധാ) നം.859/2017/ജവിവ തീയതി 17.10.2017 പ്രകാരം തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 57 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. പദ്ധതി ജലസേചന വകുപ്പിന്റെ SPV ആയ KIIDC വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് |
| (സി) | പദ്ധതി പൂർത്തിയാകുന്നതോടെ കുടിവെള്ള/ ജലസേചന/ അനുബന്ധ മേഖലകളിൽ എന്തൊക്കെ സൗകര്യങ്ങൾ വന്നു ചേരുമെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി പൂർത്തിയായാൽ കുരങ്കോട്ട് കടവ് സ്രോതസ്സായി കൊണ്ടുള്ള വടകര മുനിസിപ്പാലിറ്റിയിലേക്കുള്ള ഓഗ്മെന്റേഷൻ പദ്ധതി, ഗുളികപ്പുഴ സ്രോതസ്സായുള്ള തിരുവള്ളൂർ ആയഞ്ചേരി കുടിവെള്ള പദ്ധതി, കുറ്റ്യാടിയിൽ നിന്നുള്ള ഒഞ്ചിയം - ചോറോട് കുടിവെള്ള പദ്ധതി, കുന്നുമ്മലും സമീപ പഞ്ചായത്തുകളും ഉൾപ്പെട്ട കുടിവെള്ള പദ്ധതി, പാലേരി കുടിവെള്ള പദ്ധതി തുടങ്ങി വലുതും ചെറുതുമായ നിരവധി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വേനൽക്കാലത്തും ജലലഭ്യത ഉറപ്പാവുകയും അതോടൊപ്പം ഉപ്പ് വെള്ളത്തിന്റെ കടന്നു കയറ്റം തടയാനും കഴിയും. |

കൂടാതെ, പദ്ധതി പൂർത്തിയാകുന്നതോടെ വടകര മുനിസിപ്പാലിറ്റിയുടെയും അനുബന്ധ പഞ്ചായത്തുകളുടെയും കൃഷിയ്ക്ക് ജലസേചനം ലഭ്യമാക്കാനും വടകര – കൊയിലാണ്ടി താലൂക്കുകളെ തമ്മിൽ ബന്ധിപ്പിയ്ക്കുവാനും ഈ RCB യുടെ നിർമ്മാണം പ്രയോജനപ്പെടും. വിനോദസഞ്ചാരത്തിനും മീൻവളർത്തിനും ഉൾപ്പെടെ ധാരാളം സാദ്ധ്യതകളുള്ള ഒരു പദ്ധതി കൂടിയാണിത്.

**സെക്ഷൻ ഓഫീസർ**